**<u>15 -ാം കേരള നിയമസഭ</u>**

**<u>5 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3194</u>** **<u>13-07-2022 - ൽ മറുപടിയ്ക്ക്</u>**

**<u>പാലക്കാട് ജില്ലയിലെ എൽ.പി. സ്കൂൾ ടീച്ചർ ഒഴിവ്</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 25.09.2021 മുതൽ 01.03.2022 വരെ പാലക്കാട് ജില്ലയിൽ എൽ.പി.സ്കൂൾ ടീച്ചർമാരുടെ എത്ര ഒഴിവുകൾ ഉണ്ടായിട്ടുണ്ടെന്ന് അറിയിക്കാമോ; പ്രസ്തുത ഒഴിവുകളിൽ എത്ര എണ്ണം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ഒഴിവുകൾ പൂർണ്ണമായും റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ അതിന്റെ കാരണം സംബന്ധിച്ച വിശദാംശവും ലഭ്യമാക്കാമോ; | (എ) | 25/09/2021 മുതൽ 01/03/2022 വരെ പാലക്കാട് ജില്ലയിൽ എൽ.പി.എസ്.ടി തസ്തികയിൽ 47 ഒഴിവുകൾ ഉണ്ടായിട്ടുണ്ട്. ആയതിൽ 45 ഒഴിവുകൾ പി.എസ്.സി.യ്ക്ക് നേരിട്ടുള്ള നിയമനത്തിനായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 2 ഒഴിവുകൾ അന്തർ ജില്ലാ സ്ഥലം മാറ്റത്തിനായി മാറ്റി വച്ചിട്ടുള്ളതാണ്. |
| (ബി) | പ്രസ്തുത ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്ത തീയതി അറിയിക്കാമോ; | (ബി) | 18.01.2022 |
| (സി) | 2022 മാർച്ച് 1 മുതൽ 2022 ജൂൺ 23 വരെ പാലക്കാട് ജില്ലയിൽ എത്ര എൽ.പി. സ്കൂൾ ടീച്ചർ ഒഴിവുകൾ ഉണ്ടായിട്ടുണ്ട്; ടി ഒഴിവുകൾ പൂർണ്ണമായും പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്ന് ഓരോ ഒഴിവും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്ത തീയതി സഹിതം വിശദമാക്കാമോ; റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ ഉണ്ടെങ്കിൽ അതിന്റെ എണ്ണം സഹിതം കാരണം വിശദമാക്കാമോ; | (സി) | 2022 മാർച്ച് 1 മുതൽ 2022 ജൂൺ 23 വരെ പാലക്കാട് ജില്ലയിൽ എൽ.പി.എസ്.ടി തസ്തികയിൽ വിരമിക്കൽ ഒഴിവ് 22 എണ്ണമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ആയതിൽ 19 എണ്ണം നേരിട്ടുള്ള നിയമനത്തിനും 1 എണ്ണം ബൈട്രാൻസ്ഫർ നിയമനത്തിനും ബാക്കിയുള്ള ഒഴിവുകൾ അന്തർ ജില്ലാ സ്ഥലം മാറ്റത്തിനുമായി മാറ്റി വച്ചിട്ടുള്ളതുമാണ്. ആയത് 30/03/2022 ന് പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ 01/04/2022 മുതൽ 30/05/2022 വരെ ഹെഡ്മാസ്റ്റർ പ്രൊമോഷൻ വഴി ഉണ്ടായ ഒഴിവുകൾ പൂർണ്ണമായും തിട്ടപ്പെടുത്തിയിട്ടില്ല. |
| (ഡി) | പാലക്കാട് ജില്ലയിലെ എൽ.പി. സ്കൂൾ ടീച്ചർ തസ്തികയിലുള്ള ഒഴിവുകളിൽ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാതെ മറ്റാവശ്യങ്ങൾക്കായി മാറ്റിവച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഒഴിവുകളുടെ എണ്ണം, മാറ്റിവച്ചിരിക്കുന്നതിന്റെ കാരണസഹിതം അറിയിക്കാമോ? | (ഡി) | പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യേണ്ട നിശ്ചിത ശതമാനം ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ ജില്ലയിൽ അന്തർ ജില്ലാ സ്ഥലംമാറ്റത്തിനായി മാറ്റിവെക്കപ്പെട്ട നിശ്ചിത ശതമാനം ഒഴിവുകൾ മാറ്റിവച്ചിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ